# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ *71 — 30.11.2018-ൽ മറുപടിയ്ക്ക്.

## ക്ഷീരോല്പാദനമേഖലയിലെ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.വിജയദാസ്<br>ശ്രീ.കെ.കുഞ്ഞിരാമൻ<br>ശ്രീ.ജെയിംസ് മാത്യു<br>ശ്രീമതി യു. പ്രതിഭ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) മൃഗസംരക്ഷണ മേഖലയിൽ പ്രളയം സൃഷ്ടിച്ച നഷ്ടം എത്രയെന്ന് വിലയിരുത്തിയിട്ടുണ്ടോ; ക്ഷീരോല്പാദനം മുഖ്യ തൊഴിലായി സ്വീകരിച്ചുവരുന്നവരുടെ നഷ്ടം നികത്താൻ എന്തെങ്കിലും പദ്ധതിയുണ്ടോ; | (എ) മൃഗസംരക്ഷണ മേഖലയിൽ പ്രളയം മൂലം 172.08 കോടി രൂപയുടെ നഷ്ടം കണക്കാക്കിയിട്ടുണ്ട്. പ്രളയം മൂലം 5163 പശുക്കൾ, 1228 കിടാരികൾ, 5166 പശുക്കുട്ടികൾ, 541 എരുമകൾ, 6380 ആടുകൾ എന്നിവയും 11.43 ലക്ഷം കോഴികളും, 4.6 ലക്ഷം താറാവുകളും നഷ്ടപ്പെട്ടതായി കണക്കാക്കിയിട്ടുണ്ട്. 18342 കാലിത്തൊഴുത്തുകൾക്കും 1598 കോഴി ഷെഡ്ഡുകൾക്കും കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. 3416.93 ഹെക്ടർ സ്ഥലത്തെ തീറ്റപ്പുൽകൃഷിയും 3735.8 മെട്രിക് ടൺ വൈക്കോലും നഷ്ടമായിട്ടുണ്ട്. ക്ഷീരസംഘങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ നഷ്ടപ്പെട്ടതുമൂലം 3.7 കോടിയുടെയും മൃഗസംരക്ഷണ വകുപ്പിന്റെ സ്ഥാപനങ്ങൾക്കുണ്ടായ കേടുപാടുകൾ മൂലം 23 കോടിയുടെയും നഷ്ടമുണ്ടായതായി കണക്കാക്കിയിട്ടുണ്ട്.<br>ക്ഷീരോല്പാദനം മുഖ്യതൊഴിലായി സ്വീകരിച്ചവരെ സഹായിക്കുന്നതിനായി ക്ഷീരവികസന വകുപ്പിന്റെ നിലവിലുള്ള പദ്ധതികൾ പുന:ക്രമീകരിച്ച് 665 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കി. കൂടാതെ പ്രളയ നാശനഷ്ടങ്ങൾമൂലം ബുദ്ധിമുട്ട് അനുഭവിക്കുന്ന ക്ഷീരകർഷകർക്കായി 22 കോടി രൂപയുടെ ഫ്ളഡ് റിലീഫ് റിഹാബിലിറ്റേഷൻ പദ്ധതിയും നടപ്പിലാക്കുന്നുണ്ട്. |
| (ബി) മികച്ച പാലുല്പാദനത്തിനുള്ള ദേശീയ പുരസ്കാരം ലഭിച്ച സംസ്ഥാനത്ത് ആ നേട്ടം നിലനിർത്താനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; | (ബി) മികച്ച പാലുല്പാദനത്തിനുള്ള ദേശീയ പുരസ്കാരം ലഭിച്ച സംസ്ഥാനത്ത് ആ നേട്ടം നിലനിർത്തുന്നതിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. |

1) മിൽക്ക്ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതി
2) തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ
3) ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത സഹായം
4) ഹീഫർ പാർക്ക്
5) ക്ഷീരഗ്രാമം
6) ക്ഷീരസംഘങ്ങൾക്കുള്ള സഹായപദ്ധതികൾ
7) പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്ന തിനുള്ള പ്രവർത്തനങ്ങൾ
8) ക്ഷീരകർഷകർക്കുള്ള ബോധവത്കരണ പ്രവർത്തനങ്ങൾ
9) കന്നുക്കുട്ടി ദത്തെടുക്കൽ പദ്ധതി
10) സമഗ്ര ഇൻഷ്വറൻസ് പദ്ധതി

ഇതു കൂടാതെ മിൽമയും മേഖലായൂണിയനുകളും നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(സി) ഗുണ നിലവാരം ഉറപ്പാക്കികൊണ്ട് കാര്യക്ഷമതയോടെ പാൽ സംഭരണം നടത്തുന്നതിന് ക്ഷീര സഹകരണ സംഘങ്ങളെ പ്രാപ്തരാക്കുന്നതിന് നൽകിവരുന്ന സഹായം എന്തെല്ലാമാണ്;

(സി) പാലിന്റെ ഗുണനിലവാരം ഉറപ്പാക്കി കാര്യക്ഷമതയോടെ പാൽ സംഭരണം നടത്തുന്നതിന് ക്ഷീരവികസനവകുപ്പ് ക്ഷീരസഹകരണ സംഘങ്ങളുടെ പരിശോധന കർശനമാക്കുകയും, സംഘം ജീവനക്കാർക്കും, ക്ഷീരകർഷകർക്കും പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ ശുദ്ധമായ പാൽ ഉല്പാദിപ്പിക്കുന്നതിന് സ്വീകരിക്കേണ്ട മാർഗ്ഗങ്ങളെകുറിച്ചും ക്ഷീരവികസനവകുപ്പിന്റെ ജില്ലാ തലത്തിൽ പ്രവർത്തിക്കുന്ന ഗുണനിയന്ത്രണ ആഫീസുകൾ മുഖേന ബോധവത്കരണ ക്ലാസ്സുകളും അതിന് ക്ഷീരസംഘങ്ങളെ പ്രാപ്തരാക്കുന്നതിനാവശ്യമായ സഹായങ്ങളും നൽകുന്നുണ്ട്.

ഇതിനായി പ്രധാനമായും നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

- പാലിന്റെ സംഭരണം, ഗുണനിലവാരം, കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നത് ഉറപ്പാക്കുന്നതിനും സംഘം പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കുന്നതിനും ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 1,10,000/- രൂപ ധനസഹായം നൽകുന്നു.
- ക്ഷീരസംഘങ്ങൾക്ക് അവശ്യാധിഷ്ഠിത സഹായമായി 1,20,000 രൂപ ധനസഹായം നൽകുന്നു. ഈ പദ്ധതി യിലൂടെ സംഘത്തിന് ആവശ്യമായ ഏതു പ്രവർത്തനങ്ങളും നടപ്പിലാക്കാവുന്നതാണ്.

- ഹൈജീനിക് മിൽക്ക് കളക്ഷൻ റൂം / ഗോഡൗൺ നിർമ്മിക്കുന്നതിന് 3,75,000/- രൂപയുടെ ധനസഹായം നൽകുന്നു.
- ക്ഷീരസംഘങ്ങളെ FSSA സ്റ്റാൻഡേർഡിലേക്ക് ഉയർത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന് 45,000/- രൂപ ധനസഹായം നൽകുന്നു.
- ക്ഷീരസഹകരണ സംഘങ്ങളിൽ ഫാർമേഴ്സ് ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുന്നതിന് 5,25,000/-രൂപ ധനസഹായം നൽകുന്നു.

ഇതുകൂടാതെ മിൽമയും മേഖലായൂണിയനുകളും ഗുണനിലവാരം ഉറപ്പാക്കി പാൽ സംഭരണം നടത്തുന്നതിന് ക്ഷീരസംഘങ്ങളെ സഹായിക്കുന്ന പദ്ധതികൾ നടത്തിവരുന്നു.

| | |
|---|---|
| ഡി) ക്ഷീര കർഷകർക്കായി ആവിഷ്കരിച്ചിട്ടുള്ള ക്ഷേമ പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കാമോ? | ഡി) ക്ഷീരകർഷക ക്ഷേമനിധി ബോർഡ് ക്ഷീരകർഷകർക്കായി 1100/- രൂപ നിരക്കിൽ പെൻഷനും, 150/- രൂപ നിരക്കിൽ കുടുംബ പെൻഷനും നൽകുന്നുണ്ട്. ക്ഷീരകർഷക ക്ഷേമനിധി അംഗങ്ങളായ ക്ഷീരകർഷകർക്ക് ചികിത്സാ ധനസഹായവും അപകട മരണം സംഭവിക്കുന്ന ക്ഷീരകർഷകന്റെ ആശ്രിതർക്ക് 50,000/- രൂപ സമാശ്വാസ ധനസഹായവും നൽകുന്ന ക്ഷീര സുരക്ഷാ പദ്ധതിക്കു പുറമേ ക്ഷേമനിധി അംഗങ്ങളുടെ മരണാനന്തര ചെലവുകൾക്ക് 3,000/- രൂപ അടിയന്തര ധനസഹായം നൽകിവരുന്നു. ക്ഷേമനിധി അംഗങ്ങളുടെ പെൺമക്കളുടെ വിവാഹത്തിന് 5,000/- രൂപ ധനസഹായവും ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി 1,000/- രൂപ മുതൽ 2,500/- രൂപ വരെയും അനുവദിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**